Reg. No.................................................. Name.................................................. **17U305**

# B. A. / B. Sc. DEGREE END SEMESTER EXAMINATION OCTOBER 2017

## SEMESTER - 3: ADDITIONAL LANGUAGE MALAYALAM

## COURSE: 15U3CCMAL3A –ARANGUM PORULUM

*(For Regular - 2016 Admission and Supplementary / Improvement 2015 Admission)*

Time: Three Hours Max Marks: 75

### എ വിഭാഗം

**ഒറ്റവാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക.**

1. 'ചലച്ചിത്രമാധ്യമത്തിന്റെ തനിമയ്ക്കു വിരുദ്ധമാണ് അനുരൂപണം' ആരുടെ വാക്കുകൾ?
2. നളകഥ ഏത് ഇതിഹാസത്തിലാണ് ഉള്ളത്?
3. 'ഗോൺ വിത്ത് ദ വിൻഡ്' എന്ന നോവൽ രചിച്ചതാര്?
4. 'ഒരു മധ്യവേനൽ പ്രണയരാവ്' ആരുടെ നാടകമാണ്?
5. 'വിധേയൻ' ഏത് കൃതിയുടെ ചലച്ചിത്രാനുരൂപണമാണ്?
6. സി.എൻ. ശ്രീകണ്ഠൻനായരുടെ കാഞ്ചനസീതയ്ക്ക് ചലച്ചിത്ര ഭാഷ്യം നല്കിയതാര് ?
7. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് ആദ്യമായി നേടിയ മലയാളനോവൽ?
8. ശാകുന്തളത്തിന്റെ പ്രസ്താവനയിൽ ഏത് ദേവതാസങ്കല്പത്തെയാണ് സ്തുതിക്കുന്നത്?
9. പാഥേർ പാഞ്ചാലിയിലെ കുടുംബം നേരിടുന്ന മുഖ്യപ്രശ്നം എന്താണ്?
10. 'ഓമനത്തിങ്കൾക്കിടാവോ' എന്ന താരാട്ട് പാട്ട് എഴുതിയതാര്? (1 x 10 = 10)

### ബി വിഭാഗം

**അരപ്പുറത്തിൽ കവിയാതെ എട്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

11. വനദേവതകൾ എങ്ങനെയാണ് ശകുന്തളയെ അനുഗ്രഹിച്ചത്?
12. എഴുത്തുകാരനായ കെ.എ. അബ്ബാസ് സിനിമയെക്കുറിച്ച് മഹാത്മാഗാന്ധിക്ക് എഴുതിയ കാര്യങ്ങൾ എന്തൊക്കെയാണ്?
13. മൊ ാഷ് സിദ്ധാന്തം വിശദമാക്കുക?
14. കൂത്തും കൂടിയാട്ടവും എന്തെന്ന് ചുരുക്കി എഴുതുക?
15. അനുരൂപണം എന്നാൽ എന്ത്? ഉദാഹരണസഹിതം വിശദമാക്കുക.
16. ചെമ്മീൻ സിനിമയിലെ 'മിത്ത്' എന്താണ്?
17. 'നിറനിലാവ്പോലെ അവളാ പാമരനാം പാട്ടുകാരനെ കുളിരണിയിക്കണം' ഇവിടെ സൂചിത മായിരിക്കുന്ന പാഠങ്ങൾ എന്തൊക്കെയാണ്?
18. അഭിനേതാക്കൾക്ക് വളരെയധികം സ്വതന്ത്രമായ ഒരിടം നൽകുന്ന നാടകമാണ് 'ഒരു മദ്ധ്യവേനൽ പ്രണയരാവ്'. വിശദമാക്കുക.
19. ആത്മഗതം, പ്രകാശം എന്നീ നാടകസങ്കേതങ്ങളെക്കുറിച്ച് വിവരിക്കുക.
20. 'ബന്ധനമെന്തെനിക്കേവം സന്താപം വരുവാൻ' – ആശയമെഴുതുക. (2 x 8 = 16)

## സി വിഭാഗം

**ഒരു പുറത്തിൽ കവിയാതെ അഞ്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

21. വിധേയൻ എന്ന സിനിമയിൽ മൂലകഥയിൽ നിന്ന് എന്തെല്ലാം മാററങ്ങളാണ് സംവിധായകൻ വരുത്തിയിട്ടുള്ളത്?
22. ചലച്ചിത്ര നിർമ്മാണത്തിൽ നിലനിന്നിരുന്ന സമ്പ്രദായങ്ങളെ കടപുഴക്കിയെറിഞ്ഞുകൊ ാണ് സത്യജിത് റായി പഥേർ പാഞ്ചാലിക്കു രൂപം കൊടുത്തത്. വിശദമാക്കുക.
23. മലയാള സിനിമാഗാനങ്ങൾ 'ഒരു മധ്യവേനൽ പ്രണയരാവ്' എന്ന നാടകത്തിൽ എങ്ങനെ ഉപയോഗിക്കപ്പെടുന്നു?
24. 'വളരെ സങ്കീർണമായ സ്വത്വത്തോട് കൂടിയ കഥാപാത്രമാണ് നളചരിതത്തിലെ കാട്ടാളൻ'. വിലയിരുത്തുക?
25. ഗൃഹണീധർമ്മത്തെക്കുറിച്ച് കശ്യപൻ ശകുന്തളയ്ക്കു നൽകുന്ന ഉപദേശമെന്ത്?
26. സത്യജിത്റായിയുടെ ചലച്ചിത്രങ്ങളിലെ മരണരംഗങ്ങൾ എങ്ങനെ ഹൃദയസ്പർശിയാകുന്നു. ഉദാഹരണസഹിതം വിലയിരുത്തുക.
27. ചെമ്മീൻ നോവൽ സിനിമയായപ്പോൾ വന്നിട്ടുള്ള പ്രധാനമാററങ്ങൾ ? (5 x 5 = 25)

## ഡി വിഭാഗം

**ര ു ചോദ്യത്തിന് നാലുപേജിൽ കവിയാതെ ഉത്തരമെഴുതുക**

28 സ്വയം പ്രതിഫലനാത്മകമായ ഒരു നാടകമാണ് 'ഒരു മദ്ധ്യവേനൽ പ്രണയരാവ്'. ഉദാഹരണ സഹിതം വ്യക്തമാക്കുക.

അല്ലെങ്കിൽ

മലയാള സിനിമയിലെ അനുരൂപണങ്ങളെ ചെമ്മീൻ, വിധേയൻ എന്നീ സിനിമകളുടെ പശ്ചാത്തലത്തിൽ വിലയിരുത്തുക.

29. ശാകുന്തളം നാലാമങ്കത്തിന്റെ പ്രാധാന്യത്തെ കുറിച്ച് ഉപന്യസിക്കുക.

അല്ലെങ്കിൽ

കഥാപാത്രങ്ങളുടെ മാനസികഭാവത്തിന്റെ സങ്കീർണ്ണതയാണ് നളചരിതത്തെ വ്യത്യസ്തമാക്കുന്നത്. സമർത്ഥിക്കുക.

(12 x 2 = 24)

********